# പുഴുവരിക്കാത്ത ദൃശ്യമാധ്യമങ്ങൾ

സലാം കൊടിയത്തൂർ

**എന്റെ** സുഹൃത്ത് പറഞ്ഞ കഥയാണ്. ഒരു നാട്ടിലെ പള്ളിക്ക് തീപ്പിടിച്ചു. ഒരു ഭാഗത്തുനിന്ന് തീകത്തി പടർന്നുകൊണ്ടിരിക്കുന്നു. പള്ളിയുടെ മറുഭാഗത്ത് മുക്രി മാറാലയും മറ്റും വൃത്തിയാക്കുന്ന തിരക്കിലാണ്. ആരോ വിളിച്ചു പറഞ്ഞതിനാൽ ഫയർഫോഴ്സ് കുതിച്ചെത്തി. പള്ളിക്കുനേരെ വെള്ളം ചീറ്റാൻ ഒരുങ്ങിയതും മുക്രി ചാടിവീണു അവരെ തടഞ്ഞിട്ടു ചോദിച്ചു: 'നിങ്ങൾ പമ്പുചെയ്യാൻ പോകുന്ന വെള്ളം ത്വാഹിറും ത്വഹൂറുമാണോ? പള്ളിയാണിത്.'

ആ സമയത്ത് എന്തുതീരുമാനമാണ് അവിടെ കൈക്കൊള്ളേണ്ടത്? അതുതന്നെയാണ് ദൃശ്യമാധ്യമരംഗത്ത് ബുദ്ധിയുള്ളവർ സ്വീകരിക്കേണ്ട നിലപാടും.

കേരളത്തിന്റെ മാത്രം അവസ്ഥയെടുക്കാം. രണ്ടായിരത്തോളം സിനിമാതീയേറ്ററുകൾ. ദിവസേന മൂന്നും നാലും അഞ്ചും പ്രദർശനങ്ങൾ. മലയാളം ചാനലുകളിൽ മാത്രം വരുന്ന ഒരു ഡസനോളം സിനിമകൾ വേറെ. കേരളത്തിൽ മുപ്പത്തിഅയ്യായിരം സി.ഡി ഷോപ്പുകൾ ഉണ്ടെന്ന് അനൗദ്യോഗിക കണക്ക് (വ്യാജ സി.ഡി റെയ്ഡിനു ശേഷം ചിലതെല്ലാം പൂട്ടി). ഒരു ഷോപ്പിൽനിന്ന് ശരാശരി മുപ്പതു സി.ഡികൾ പുറത്തുപോകുന്നു. അശ്ലീല സി.ഡികൾക്കു പുറമെയാണിത്. ഒരു സി.ഡി കുടുംബസമേതമോ സുഹൃത്തുക്കൾ ഒരുമിച്ചിരുന്നോ ചുരുങ്ങിയത് അഞ്ചുപേരെങ്കിലും കാണുന്നു. ചാനലുകളിൽ ഉച്ചക്കും വൈകീട്ടും വരുന്ന സീരിയലുകൾക്ക് മിക്കവീട്ടമ്മമാരും അഡിക്റ്റായിക്കഴിഞ്ഞു. കൂടാതെ സിനിമയുടെ ഷൂട്ടിംഗ് മുതൽ തീയേറ്ററിലെത്തുന്നതുവരെയും അതിനുശേഷവും താരങ്ങളുടെ പിറകെ ക്യാമറയുമായി നടന്ന് ഒപ്പിയെടുത്ത ദൃശ്യങ്ങൾ കാണാൻ പ്രേക്ഷകലക്ഷങ്ങളുണ്ട്. പതിനേഴ് മലയാളം ചാനലുകളിൽ രണ്ടുമൂന്നെണ്ണം ഒഴിച്ചാൽ ബാക്കിയെല്ലാം കയറിക്കളിക്കുന്നത് വീടുകളിലെ അടുക്കളയിലാണ്. കോമഡി സീനിനും ഗാനരംഗങ്ങൾക്കും വേണ്ടി ഫോൺ ചെയ്ത് അവതാരകരോട് കൊഞ്ചിക്കുഴയുന്നതിൽ ഉമ്മത്തു മുസ്‌ലിമയിലെ സ്ത്രീപുരുഷന്മാർ ഒട്ടും പിന്നിലല്ല. എന്തിനധികം ആകാശവാണിയിലൂടെ ഒരു ചലച്ചിത്രഗാനം കേൾക്കാൻ കൊതിച്ചു വിളിച്ച് ശൃംഗരിക്കുന്നവരിലധികവും (മലബാറിൽ) സമുദായത്തിലെ നാരീനാദങ്ങളാണെന്നത് ആർക്കും നിരീക്ഷിച്ചു കണ്ടെത്താം. ഇതിനൊക്കെ പുറമെ ബഹുഭാഷാ ചാനലുകളിൽ വരുന്ന വൃത്തികേടുകൾ മാത്രം തെരഞ്ഞു പിടിച്ച് കാണാൻ ആഗ്രഹിക്കുന്നവരാണ് പുതിയ തലമുറയിലധികവും.

ഭക്ഷണം കഴിക്കാനും കുളിക്കാനും മറ്റുമായി ഒരു ഇടവേള എന്ന നിലക്കു ഇടക്കു വാർത്തയും അല്ലറചില്ലറ ഉപകാരപ്രദമായ പ്രോഗ്രാമുകളും ഒഴിച്ചുനിർത്തിയാൽ ചാനൽ കേബിൾ മലയാളിയുടെ കഴുത്തിൽ മുറുകിക്കഴിഞ്ഞു. അതിനൊക്കെ പുറമെയാണ് നമ്മൾ ഇടക്കിടക്കു വിലപിച്ചുകൊണ്ടിരിക്കുന്ന ആൽബങ്ങളുടെ ഉരുൾപൊട്ടൽ. ചുരുക്കത്തിൽ ഒന്നരകോടി മലയാളികൾ ഒരു ദിവസം നാലുമുതൽ പത്തുമണിക്കൂർ വരെ ദൃശ്യമാധ്യമത്തിന് മുമ്പിലാണെന്ന സത്യം നമ്മെ ഞെട്ടിക്കേണ്ടതുണ്ട്.

ഈ മാരക വിപത്തിൽനിന്ന് മലയാളികളെ മൊത്തം രക്ഷിക്കേണ്ടതുണ്ട്. അതിന്റെ പ്രാഥമിക നടപടിയെന്ന് നിലക്ക് മുസ്‌ലിം സമുദായത്തെയാണ് ആദ്യം ഉന്നം വെക്കേണ്ടത്. ആദ്യം നമ്മൾ നന്നായിട്ടുവേണമല്ലോ മറ്റുള്ളവരെ നന്നാക്കാൻ. പക്ഷേ, ആര് രക്ഷപ്പെടുത്തും? ആരു പറഞ്ഞാലാണ് സമുദായം ഒന്നടങ്കം കേൾക്കുക?

കേരള മുസ്‌ലിംകൾ സംഘടനകളാൽ വിഭജിക്കപ്പെട്ടിരിക്കുന്നു. ഓരോ സംഘടനക്കും പ്രത്യേകം പ്രത്യേകം നേതാവ്, ഓഫീസ്, കൊടി, പള്ളി, ഖുത്ബ, പ്രസിദ്ധീകരണം (പുരുഷന്മാർക്കും വനിതകൾക്കും കുട്ടികൾക്കും), പത്രം, സമ്മേളനം തുടങ്ങി എല്ലാം വെവ്വേറെ. ഇതര സംഘടനകളുമായി യാതൊരു തരത്തിലും തങ്ങളുടെ അനുയായികളെ ബന്ധപ്പെടുത്താതിരിക്കുന്നതിൽ മിക്ക നേതാക്കളും വിജയിച്ചിട്ടുണ്ട്. അങ്ങനെ ഫ്ളാറ്റ് സ്റ്റൈൽ അനുയായികളുടെ ഒരു കൂട്ടമാണ് കേരള മുസ്‌ലിംകൾ. ബന്ധങ്ങൾ അതത് സംഘടനക്കാരോട് മാത്രം. പ്രസംഗങ്ങൾക്കും ലേഖനങ്ങൾക്കും പ്രസിദ്ധീകരണങ്ങൾക്കും മറ്റ് ആശയ പ്രചാരണമാധ്യമങ്ങൾക്കൊന്നും പരസ്പരം പ്രവേശിക്കാൻ പറ്റാത്തവിധം മതിൽ കെട്ടിയടച്ച് ബാഹ്യബന്ധം പുലർത്താത്ത സങ്കുചിത സംഘടനാ കെട്ടിടത്തിന്റെ മുഴുവൻ ഗെയ്റ്റുകളും പക്ഷേ, ദൃശ്യമാധ്യമത്തിന്റെ മുമ്പിൽ മലർക്കെ തുറന്നിട്ടിരിക്കുന്നുവെന്നതാണ് മറ്റുള്ളവരെപ്പോലെ സമുദായത്തിലെയും മഹാഭൂരിപക്ഷത്തിന്റെ കഴുത്തിൽ കേബിൾ വീഴാൻ കാരണം.

അങ്ങനെ ചാനൽ മലിനീകരണത്തിന്റെ ഇരകളായി രോഗികളായി മാറിയ മലയാളികളുടെ വിശിഷ്യാ മുസ്‌ലിം സമുദായത്തിന്റെ അവസ്ഥയിൽ മനസ്സുരുകാൻ തുടങ്ങിയതാണ് പുതിയ ടെലിഫിലിം വിപ്ലവത്തിന്റെ പിറവിക്കു കാരണമായത്.

എന്തുതന്നെയായാലും ഞങ്ങൾക്കു കാണണം, കേൾക്കണം എന്നുപറയുന്ന പൊതുജനത്തോട് നിങ്ങൾ കാണരുത്, കേൾക്കരുത് എന്നു പറയുന്നത് നല്ലൊരു വ്യായാമം മാത്രമാണ്, പ്രായോഗികമല്ല. പകരം നിങ്ങൾ അതു കാണരുത്, ഇതു കണ്ടോളൂ എന്ന് പറഞ്ഞാൽ ഒരു പരിധി വരെ വിജയിച്ചെന്നിരിക്കും.

അങ്ങനെ ജനങ്ങൾക്കു പകരം കൊടുക്കാൻ നമ്മുടെ വശം എന്തുണ്ട്? അതിനുള്ള ഉത്തരമായിരുന്നു ടെലിസിനിമകൾ. അത് സംഘടനാ പക്ഷപാതിത്വമില്ലാതെ 'ജാതിയും മതവുമില്ലാതെ ആളുകൾ സ്വീകരിച്ചു. കുടുംബസമേതം തന്നെ കാണേണ്ടവയാണെന്ന് പ്രേക്ഷകർ വിധിയെഴുതി. അതിന് കാരണം അവയിൽ അവരുടെ, അവരുടെ കുടുംബത്തിന്റെ, അയൽവാസിയുടെ, ഭർത്താവിന്റെ, ഭാര്യയുടെ, ഉപ്പയുടെ, ഉമ്മയുടെ, സുഹൃത്തിന്റെ തുടങ്ങി നിത്യജീവിതത്തിൽ ബന്ധപ്പെടുന്ന എല്ലാവരുടെയും പ്രതിരൂപങ്ങളുണ്ടായിരുന്നു. കുടുംബത്തിലേക്ക് തിരിച്ചുവെച്ച ഒരു കണ്ണാടിയായി ആ ടെലിഫിലിമുകൾ പ്രതിബിംബിച്ചു. അതിലൂടെ പറഞ്ഞതിൽ ഒന്നും അവ്യക്തതകളില്ലായിരുന്നു. പ്രേക്ഷകരോട് നേർക്കുനേരെ കാര്യങ്ങൾ പറഞ്ഞപ്പോൾ അവർക്കത് എളുപ്പത്തിൽ ബോധ്യപ്പെട്ടു.

കേരള ജനതയാണെങ്കിലും സമുദായമാണെങ്കിലും തൊണ്ണൂറു ശതമാനത്തിലധികവും സാധാരണക്കാരാണ്. കൂലിപ്പണിക്കാർ, കൃഷിക്കാർ, സ്ത്രീകൾ, കുട്ടികൾ, വൃദ്ധർ തുടങ്ങി കുറേ പച്ചമനുഷ്യർ. ഇവർക്കൊന്നും വളച്ചുകെട്ടി സംസാരിക്കാനറിയില്ല. അത്തരം സംസാരം കേട്ടാലും മനസ്സിലാവില്ല. ഇവരിൽ ഭൂരിപക്ഷവും വെള്ളിയാഴ്ച മലയാള ഖുത്ബ കേൾക്കുന്നില്ല. ഇവർക്ക് വാരാന്തയോഗങ്ങൾ, ഖുർആൻക്ലാസ്, സാഹിത്യപാരായണം തുടങ്ങി ഒന്നും കേട്ടുപരിചയം പോലുമില്ല. അതുകൊണ്ടുതന്നെ ഇക്കൂട്ടരോട് നടത്തുന്ന ആശയവിനിമയം അവർക്കു മനസ്സിലാകണം. ദാഹിക്കുമ്പോൾ അവരുടെ വീട്ടിൽകയറി രണ്ട് ഹൈഡ്രജനും ഒരു ഓക്സിജനും ചേർന്നുണ്ടാകുന്ന വസ്തു ഒരു ഗ്ലാസിലാക്കിത്തരൂ എന്ന് അപഗ്രഥിച്ചു പറയുന്നതിനുപകരം ഒരു ഗ്ലാസ് പച്ചവെള്ളം തരൂ എന്നു പറഞ്ഞാൽ കുടിച്ചു ദാഹം തീർക്കാം - ആ ധർമ്മമാണ് നിലവിൽ പുറത്തിറങ്ങി ശ്രദ്ധേയമായ ടെലിസിനിമകൾ നിർവഹിച്ചത്. അതിലൂടെ ധാരാളം നന്മകൾ കൈമാറാൻ കഴിഞ്ഞിട്ടുണ്ടെന്ന് നാടിന്റെ അവസ്ഥ തിരിച്ചറിഞ്ഞവരൊക്കെ പറഞ്ഞു. ഉത്തരവാദപ്പെട്ടവർ ഉപഹാരവും അവാർഡും നൽകി പ്രോത്സാഹിപ്പിച്ചു. ഈ രംഗത്ത് ശൂന്യത നികത്തണമെന്നും ധീരമായി മുന്നോട്ടു പോകണമെന്നും പ്രേരിപ്പിച്ചു. മനുഷ്യനിർമിതമായ ഒരു സംഗതിയിൽ ബോധപൂർവമല്ലാതെ വന്നുപോയ വീഴ്ചകൾ തിരിച്ചറിയാനുള്ള വിശാലമനസ്സുള്ളതുകൊണ്ടാകാം പ്രേക്ഷകർ ക്ഷമിച്ചു. നിർബന്ധമായും തിരുത്തേണ്ട തെറ്റുകൾ സ്ക്രീനിൽ വരാതെ പരമാവധി സൂക്ഷ്മത പാലിച്ചു. ചുരുക്കത്തിൽ ഗൾഫിലും കേരളത്തിലും വൻസ്വീകാര്യത നേടിയ പ്രസ്തുത ടെലിഫിലിമുകളിൽ ഒരു സംഗതി ഇല്ലാതെ പോയി - കല, അല്ലെങ്കിൽ കലാപരത. ഇതുചെയ്യുന്നവർക്കോ ഇതു കാണുന്ന ഇരുപത്തഞ്ചുലക്ഷത്തോളം വരുന്ന പ്രേക്ഷകർക്കോ ഇപ്പോഴും മനസ്സിലായിട്ടില്ല, ടെലിഫിലിമുകളിലെ കലയെന്താണെന്ന്.

കലയിന്നതാണ്; തിരക്കഥയിങ്ങനെയാണ്; സംവിധാനം അങ്ങനെയാണ് എന്നൊക്കെ ആധികാരികമായി പറയാൻ ഇവിടെ ആരെയും നിയോഗിച്ചതായി അറിവില്ല. അല്ലെങ്കിലും നിരൂപണത്തിന്റെയും വിലയിരുത്തലുകളുടെയും പേരുപറഞ്ഞ് സകല തീയേറ്ററുകളിലും കയറി റിലീസ് പടങ്ങൾ ഒന്നൊഴിയാതെ കാണുന്നവരുടെ അഭിപ്രായമല്ലല്ലോ കലയുടെ അവസാനവാക്ക്. യൂറോപ്പിലും ആഫ്രിക്കയിലും ഏഷ്യൻ രാജ്യങ്ങളിലും മുമ്പെന്നോ ഇറങ്ങിയ ബ്ലാക്ക് & വൈറ്റ് സിനിമകളുടെ സി.ഡി സംഘടിപ്പിച്ച് ഇതാണ് സിനിമ എന്ന് പറയുന്നവരെ സമൂഹം പണ്ടേ ചിരിച്ചുതള്ളിയിട്ടുണ്ട്.

പ്രസ്ഥാനപ്രവർത്തകരെ ബോധവൽക്കരിക്കാൻ ആരെങ്കിലും ടെലിസിനിമകൾ ചെയ്തിട്ടുണ്ടോ എന്നറിയില്ല. ഏതായാലും പ്രവർത്തകരെ ഉദ്ദേശിച്ച് അങ്ങനെയൊന്ന് നിലവിലെ അവസ്ഥയിൽ ആവശ്യമില്ല. അതേസമയം സങ്കുചിത സംഘടനാ പക്ഷപാതികളോടും ഒരു സംഘടനയിലുമില്ലാതെ എല്ലാം തികഞ്ഞവരായി നടക്കുന്നവരോടും മറയില്ലാതെ ഇടപെടാനെങ്കിലും ടെലിസിനിമകൾ ഒരു മാധ്യമമായി വർത്തിക്കുന്നുണ്ടെന്നത് അനിഷേധ്യമാണ്.

സിനിമയും സീരിയലും ആൽബങ്ങളും സമുദായത്തെ മൊത്തം കീഴടക്കിക്കഴിഞ്ഞു. കഴിയുന്നത്ര വേഗത്തിൽ വാരിവലിച്ചു ചെയ്തു കൂട്ടുന്നവയാണിവയെല്ലാം. പ്രേക്ഷകനെ പിടിച്ചിരുത്താനുള്ള നാടൻ നമ്പറുകളാണ് അവരുടെ ആയുധം. അതിൽ കലാപരതയുണ്ടാക്കാൻ സംവിധായകരോ അതിലെ കല കണ്ടെത്താൻ പ്രേക്ഷകരോ മിനക്കെടുന്നില്ല. അതാണ് രണ്ടു കൂട്ടരുടെയും നിലവാരം.

ഇനി നമുക്കു മുമ്പിൽ രണ്ടു മാർഗങ്ങളേയുള്ളൂ:

ഒന്ന്, ടി.വിയിലും തീയേറ്ററിലും വന്നുകൊണ്ടിരിക്കുന്ന എല്ലാ വൃത്തികേടുകളും കണ്ടുകൊണ്ട് മിണ്ടാതിരിക്കുക. എന്നിട്ട് അതിൽ കലയുടെ അംശങ്ങളുണ്ടോ എന്ന് അന്വേഷിച്ചു കണ്ടെത്തുക. മലയാള സിനിമയുടെ വളർച്ചയെകുറിച്ച് ലേഖനമെഴുതുക. ഈ വൃത്തികേടുകൾ വിളമ്പുന്നവരെക്കൊണ്ടുതന്നെ ശിൽപശാലകളിൽ ക്ലാസ്സെടുപ്പിക്കുക. ഉഗ്രൻ ക്ലാസ്സായിരുന്നുവെന്ന് സർട്ടിഫിക്കറ്റ് കൊടുക്കുക. ഇടക്കിടക്കു ചർച്ചകൾ സംഘടിപ്പിക്കുക. അഞ്ചാറാളുകളെ ഇതിനൊക്കെ കിട്ടുമ്പോഴും ദശലക്ഷക്കണക്കിനാളുകൾ ടി.വിക്കു മുമ്പിലോ തീയേറ്ററുകളിലോ ആയിരിക്കുമെന്നത് നമ്മൾ പ്രശ്നമാക്കേണ്ടതില്ല. കാരണം അവർ കലയെന്തെന്നറിയാത്ത വെറും പോങ്ങന്മാരാണല്ലോ.

രണ്ട്, ഏതെങ്കിലും രീതിയിൽ ദൃശ്യമാധ്യമം മലിനമാക്കപ്പെടുന്നുണ്ടോ അതേ രീതികളിലൂടെ തന്നെ നല്ല സന്ദേശങ്ങളും ആശയങ്ങളും കൈമാറിക്കൊണ്ട് സംസ്കരിച്ചെടുക്കാൻ ശ്രമിക്കുക. സംസ്ഥാനത്തുനിന്ന് ഡസൻ കണക്കിന് ഗ്രൂപ്പുകൾ രംഗത്തുവരണം. നന്മകൾ പ്രചരിപ്പിക്കുന്ന ടെലിസിനിമകളും സീരിയലുകളും തീയേറ്റർ സിനിമകളും ചെയ്യണം. ഒരുവിധം കഴിവുള്ളവർ നല്ല സന്ദേശങ്ങൾ ഉൾക്കൊള്ളുന്ന സ്ക്രിപ്റ്റുകൾ രചിക്കുക. അത് പാടത്തോ പറമ്പിലോ പുഴക്കരയിലോ വെച്ച് ചിത്രീകരിച്ച് എത്രയും പെട്ടെന്ന് ജനങ്ങളിലെത്തിക്കുക. ഒരുലക്ഷം പേർക്കെങ്കിലും നമ്മുടെ സന്ദേശമെത്തിക്കാൻ ഓരോ ഗ്രൂപ്പിനും കഴിഞ്ഞാൽ കുറഞ്ഞ കാലംകൊണ്ട് ഒരു ദൃശ്യമാധ്യമ സാംസ്കാരിക വിപ്ലവം ഉണ്ടാക്കാൻ കഴിയും.

കേരളത്തിലെ സാധാരണക്കാരുടെ ഇടയിൽ ജീവിച്ച് ഇവിടത്തെ കപ്പയും കഞ്ഞിയും താളിപ്പും കൂട്ടി ശീലിച്ച സംവിധായകരും തിരക്കഥാകൃത്തുക്കളുമാണ് ഇതിന് മുന്നിട്ടിറങ്ങേണ്ടത്. കാരണം അവർക്കു കലയുടെ മർമ്മമറിയാത്തതുകൊണ്ട് ആ മേഖലയിലെ വേഗത കൂടും.

മുകളിൽ പറഞ്ഞ ഡസൻ കണക്കിന് ഗ്രൂപ്പുകളിൽ ഇറാനിയൻ ഖുബ്ബൂസും കെന്റക്കി ചിക്കനും മാത്രം കഴിച്ച് ശീലിച്ച ഗ്രൂപ്പുണ്ടെങ്കിൽ അവർക്കും ഈ മേഖലയിൽ ചെയ്യാനുണ്ട്. വിദേശരാജ്യങ്ങളിൽനിന്നും കുറച്ച് സിനിമാ സി.ഡികൾ സംഘടിപ്പിക്കുക. എന്നിട്ട് കേരളത്തിലെ മൂന്നരകോടി ജനങ്ങളെയും പിടിച്ചിരുത്തി കാണിച്ച് ലോകോത്തര ക്ലാസിക്ക് സിനിമകൾ എങ്ങനെ ആസ്വദിക്കണമെന്ന് പഠിപ്പിക്കുക. അങ്ങനെ പ്രേക്ഷകരുടെ ആസ്വാദന നിലവാരം ഹിമാലയത്തിന്റെയത്ര ഉയർന്നുകഴിഞ്ഞിട്ട് ഒരു ലോകോത്തര ടെലിസിനിമ നിർമിക്കുക. അതുവരെ ഇറാനിലേക്ക് കണ്ണുംനട്ടിരിക്കാം; മറ്റൊരു സിനിമയുടെ വരവും പ്രതീക്ഷിച്ച്.

സിനിമയും ടെലിസിനിമയും

നാലു ബുദ്ധിജീവികളുടെ ഗുഡ്സർട്ടിഫിക്കറ്റ് നേടി പെട്ടിയിൽ വെക്കാനുള്ളതല്ല. ഒരുപക്ഷേ, അവാർഡുകളും പത്രസപ്ലിമെന്റുകളിൽ കളർഫോട്ടോയോടു കൂടിയ ലേഖനങ്ങളും വന്നേക്കാം. പക്ഷേ, അത് ഒരു പ്രാവശ്യമെങ്കിലും കാണാൻ ജനങ്ങളെ കിട്ടില്ല.

ഇതാണോ ഇസ്‌ലാമിക മൂല്യങ്ങൾ ലക്ഷ്യം വെച്ച് ഇറക്കുന്ന സിനിമകളുടെ ഉദ്ദേശ്യം? ഇസ്‌ലാമിൽ ഉത്കൃഷ്ടമായ ആശയങ്ങളുടെ ഒരു സമുദ്രം തന്നെയുണ്ട്. സിനിമയെ ആദ്യംതന്നെ കീഴടക്കേണ്ടിയിരുന്നവർ മുസ്‌ലിംകളായിരുന്നു. കേരളത്തിൽ ആ ദൗത്യം ഭംഗിയായി നടപ്പിലാക്കാനുള്ള പ്രാപ്തിയുള്ളത് ഇന്ന് ഇസ്‌ലാമിക പ്രസ്ഥാനത്തിനു മാത്രമാണ്. നിർഭാഗ്യവശാൽ, സിനിമയും ടി.വിയും ഹറാമാണെന്ന് പറഞ്ഞുനടന്നിരുന്ന സുന്നീ വിഭാഗം പോലും ഇപ്പോൾ ആഴ്ചയിൽ ഒരെപ്പിസോഡ് വീതം മുടങ്ങാതെ ടി.വിയിൽ പ്രദർശിപ്പിച്ചുകൊണ്ടിരിക്കുമ്പോഴും കാര്യമായി ഒന്നും ഈ രംഗത്തു ചെയ്തുകാണിക്കാൻ കഴിയാത്ത അവസ്ഥയാണ് പ്രസ്ഥാനത്തിനുള്ളത്.

കേരളത്തിന്റെ സകല മുക്കുമൂലകളിലും നാടകവും കഥാപ്രസംഗവും നടത്തി തൊഴിലാളിവർഗത്തെ ഉറപ്പിച്ചുനിർത്തിയ ഇടതുപക്ഷപ്രസ്ഥാനത്തിന്റെ സംഭാവനകളുടെ മദ്ഹ് പറയാൻ പത്രകോളം അനുവദിക്കുന്ന നമുക്ക് കേരളത്തിൽ, അല്ല, മലബാറിലെങ്കിലും അങ്ങോളമിങ്ങോളം കളിച്ച ഒരു നാടകമുണ്ടായിട്ടുണ്ടോ? രചയിതാക്കളും സംവിധായകരും നടന്മാരുമില്ലാഞ്ഞിട്ടല്ലല്ലോ; റിസ്കെടുക്കാനും വിമർശകരോട് മറുപടി പറയാനും നമുക്കാവില്ല. ആരെങ്കിലും അത്തരം ഒരു സാഹസത്തിന് ഒരുങ്ങിപ്പുറപ്പെട്ടാൽ അതിലെ കലയും തെരഞ്ഞ് നിരൂപണ തൊഴിലാളികൾ രംഗത്തുവരും. അരമനയിലിരുന്ന് അവർ എഴുതിപ്പിടിപ്പിക്കുന്നതാണ് കലയുടെ അവസാനവാക്കെന്ന് മറ്റുള്ളവരെ തെറ്റിദ്ധരിപ്പിക്കാൻ അവർക്കു കഴിഞ്ഞിട്ടുണ്ട്. അങ്ങനെ കുറേയാളുകളെങ്കിലും അംഗീകാരം കിട്ടുന്ന മറ്റു മേഖലകൾ തേടിപ്പോയി. മറ്റു ചിലർ അവരുടെ പ്രതിഭയെ സ്വയം കുഴിച്ചുമൂടി ചെറിയൊരു വലയത്തിൽ ഒതുങ്ങി.

ഒരു പുനരാലോചനയുടെ സമയം അതിക്രമിച്ചിട്ടുണ്ട്. പ്രസ്ഥാനം ദൃശ്യമാധ്യമരംഗത്ത് ശക്തമായി ഇടപെടണം. എന്നെങ്കിലുമൊരിക്കൽ നട്ടുച്ചക്ക് ഒരെപ്പിസോഡ് ചാനലിൽ വരുത്തിയാൽ ഒന്നുമാവില്ല. ചാനൽ പ്രളയത്തിൽ അത് മുങ്ങിപ്പോകും. കേരളത്തിൽ ബഹുഭൂരിപക്ഷം വരുന്ന സാധാരണക്കാരെ ലക്ഷ്യം വെക്കണം. അവരോട് നമുക്ക് പറയാനുള്ളത് പറയണം. അത് കേൾക്കാൻ അവരെ കിട്ടണം. അവരിലാണ് വിപ്ലവം ഉറങ്ങിക്കിടക്കുന്നത്. അതിനിടക്ക് അവരൽപം ചിരിച്ചുപോയാൽ തകർന്നുപോകുന്നതല്ല ഇസ്‌ലാമിലെ ഇസ്സത്ത്. പിരിമുറുക്കം കൂടിയ സാമൂഹികാന്തരീക്ഷത്തിൽ കുടുംബം ഒരുമിച്ചിരുന്ന് കുറച്ചു നേരം ചിരിക്കുന്നതിലെന്താണ് തെറ്റ്? വലിയ ആശയങ്ങൾ പറയുന്നതിന് ചിരി തടസ്സമാണെങ്കിൽ ആദ്യകാലത്തെയും ഇന്നത്തെയും പല പ്രസ്ഥാനപ്രസംഗകരും ശൈലി മാറ്റേണ്ടിവരും. സംസ്ഥാന സമ്മേളനങ്ങളിൽപോലും ശ്രോതാക്കളെ പൊട്ടിച്ചിരിപ്പിച്ച പ്രസംഗങ്ങൾ ഉണ്ടായിട്ടുണ്ട്. അതുകൊണ്ട് സമ്മേളനം താറുമാറായതായോ വിഷയത്തിന്റെ ഗൗരവം ചോർന്നുപോയതായോ ആരും പറഞ്ഞു കേട്ടിട്ടില്ല. മനസ്സിനെ പാകപ്പെടുത്താൻ കൂടിയാണ് ചിരി. ആലസ്യം വിട്ട് പൂർണ ശ്രദ്ധ കിട്ടാനുള്ള ഒരു ഒറ്റമൂലി. *മലർവാടി*യിലെ പട്ടാളം പൈലിയും പൂച്ചപ്പോലീസും കുട്ടികൾക്ക് എന്തു സന്ദേശമാണ് നൽകുന്നത്? അതിൽ ഒരു സന്ദേശവുമില്ല. പക്ഷേ, കുട്ടികളെ ഏറ്റവും ആകർഷിക്കുന്ന വിഭവങ്ങൾ അതു രണ്ടുമാണ്. ഒന്ന് കോമഡിയും മറ്റേത് ആക്ഷനും. പക്ഷേ, അതു മാത്രമല്ലല്ലോ അതിലുള്ളത്. ഉപകാരമുള്ളതും ബുദ്ധിയും ചിന്തയും പ്രവർത്തിക്കുന്നതുമായ വിഭവങ്ങളും അതിലുണ്ട്. എന്നാൽ പൈലിയും പൂച്ചയും ഇല്ലാത്ത *മലർവാടി* കുട്ടികൾക്ക് സ്വീകാര്യമല്ല. അപ്പോൾ ഉദ്ദേശിച്ച വിഷയങ്ങൾ കുട്ടികൾക്കെത്തിച്ചു കൊടുക്കാൻ പൈലി ഒരു അനിവാര്യഘടകമാണെങ്കിൽ അതു പടച്ചുവിടുകതന്നെയാണ് ബുദ്ധി. അല്ലാതെ പൈലിയിൽ സന്ദേശമില്ലെന്നു പറഞ്ഞ് *മലർവാടി* തന്നെ നിർത്തലല്ല. നമ്മുടെ മദ്റസാ-കോളേജ് വാർഷിക കലാപരിപാടികളിൽ ഹാസ്യത്തിന് പ്രാധാന്യം നൽകുന്നത് നമ്മൾ തന്നെയാണല്ലോ.

സ്റ്റേജിലായാലും ടി.വിയിലായാലും ജനങ്ങൾക്ക് വേണ്ടാത്തതും മനസ്സിലാകാത്തതും അടിച്ചേൽപിച്ചിട്ടു കാര്യമില്ല. ജനങ്ങളുടെ കലയെന്താണെന്ന് മനസ്സിലാക്കിയിട്ടുവേണം ദൃശ്യമാധ്യമത്തെ സമീപിക്കാൻ. എട്ടു വരി കവിതയെഴുതുന്ന ലാഘവത്തോടെ ടെലിസിനിമകളെ കാണരുത്. ഒരുപാട് ഘട്ടങ്ങൾ തരണം ചെയ്ത ശേഷമാണ് അത് പ്രേക്ഷകരിലെത്തുന്നത്. അവയെ നിരൂപണം നടത്തുന്നതിൽ സത്യസന്ധത കാണിക്കണം. അതിൽ നന്മ മുന്നിട്ടു നിൽക്കുന്നുവെങ്കിൽ അതംഗീകരിക്കാനുള്ള മനസ്സു വേണം. അതല്ലാതെ ത്വാഹിറും ത്വഹൂറുമായ ടെലിഫിലിം വന്നിട്ട് കാണാമെന്ന് വിചാരിച്ച് കാത്തിരുന്നാൽ ചാനൽ അഗ്നി നമ്മുടെ സംസ്കാരത്തെ നക്കിത്തുടച്ചു പോകും. അതിൽപെട്ട് വെണ്ണീറാകുന്നത് നമ്മുടെ കുടുംബങ്ങൾ കൂടിയായിരിക്കും. ■